# മന്ന

MANNA

INSIDE THIS ISSUE

'മന്ന' ലൈവ് ബൈബിൾ പ്രക്ഷേപണം ആരംഭിക്കുന്നു

24 x 7 Malayalam Speaking Bible

MANNA BIBLE

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ വാല്യം 4 ലക്കം 13

news@newsmanna.com www.newsmanna.com

050 3241610, 055 3969791 നവംബർ 2011




# ഡാനിക എത്തി; ഇനി ലോകത്ത് 7,000,000,000 ജനങ്ങൾ

**റോജിൻ പൈനുംമൂട്**

**ലോ**കജനസംഖ്യ എഴുന്നൂറ് കോടി തികഞ്ഞുകൊണ്ട് ഫിലിപ്പീൻസിന്റെ മനിലയിലെ ജോസ് ഫെബൈല സ്മാരക ആശുപത്രിയിൽ ഒക്ടോബർ 30 ന് പുലർച്ചെ "സെവൻ ബില്യൻത് ബേബി" പിറന്നു. ഡാനിക മെ-കാമാചോ എന്നാണ് ഈ പെൺകുട്ടിക്ക് മാതാപിതാക്കളായ കാമിലാ ഗ്ലോറയും - ഫ്ളൊറാന്റ കാമോചയും നല്കിയിരിക്കുന്ന പേര്. കത്തോലിക്കരായ ഈ ദമ്പതികളുടെ രണ്ടാമത്തെ കുട്ടിയാണിത്.

ഇന്ത്യയിൽ ജനസംഖ്യ 1.21 ബില്യൺ തികച്ചുകൊണ്ട് നർഗീസും ചരിത്രത്താളുകളിൽ ഇടം പിടിച്ചു. ഉത്തർപ്രദേശിലെ ലക്നൗവിൽ 31 ന് രാവിലെ 7.20 നാണ് കാർഷിക ദമ്പതികളായ അജയ്ക്കും വിനിതയ്ക്കും മകളായി നർഗീസ് എത്തിയത്.

1999 ഒക്ടോബർ 12നാണ് ലോകജനസംഖ്യ 600 കോടിയിലെത്തിയത്. പ്രതിവർഷം 7.5 കോടി എന്ന നിരക്കിൽ 12 വർഷംകൊണ്ടാണ് ലോകജനസംഖ്യയിൽ 100 കോടി കൂടിയത്. 1804 ലാണ് ലോകജനസംഖ്യ 100 കോടിയിലെത്തിയത്. 1927ൽ അത് 200 കോടിയായും1960ൽ 300 കോടിയായും 1975ൽ 400 കോടിയായും 1987ൽ 500 കോടിയായും ഉയർന്നു. യു.എൻ. കണക്കുകൾ പ്രകാരം 2025ൽ ഇത് 800 കോടിയായി ഉയരും എന്നാണ്.

ലോകജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ഉള്ളത് ഉത്തർപ്രദേശിലാണ്. ജനനനിയന്ത്രണത്തിൽ പുതിയ മാനങ്ങൾ കൊണ്ടുവന്ന ചൈനയെ 2030 ആകുമ്പോൾ ഇന്ത്യ മറികടക്കും എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിൽ വർധിച്ചു വരുന്ന ഭ്രൂണഹത്യ വശത്തുണ്ടെന്ന കാര്യം മറക്കരുത്.

യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ട് പറയുന്നത്, ലോകത്ത് പ്രതിവർഷം 80 മില്യൻ ജനനം നടക്കുന്നു. എന്നാൽ ഓരോ 15 സെക്കൻഡിൽ ലോകത്ത് ശുദ്ധജലം, പോഷകാഹാരക്കുറവ്, പട്ടിണി എന്നിവ മൂലം ഒരാൾവെച്ച് മരണപ്പെടുന്നു. സൊമാലിയയിലുംമറ്റും കടുത്ത ക്ഷാമം മൂലം ലക്ഷക്കണക്കിനാളുകൾ മരണഭീതിയിലാണ്.

പരിസ്ഥിതിയെ ചൂഷണം ചെയ്യുന്ന ആധുനിക മനുഷ്യൻ ഒരു വശത്ത്, ജനിക്കുന്ന കുട്ടികൾക്ക് ഭക്ഷണവും ശുദ്ധജലവും താമസസൗകര്യവും വിദ്യാഭ്യാസവുമൊക്കെ നൽകുന്നത് ഏതൊരു മാതാപിതാക്കളുടെയും കടമയാണ്.

**ദൈവസഭയുടെ ഉത്തരവാദിത്വമാണ് നശിച്ചുകൊണ്ടിരിക്കുന്ന ലോകജനതയെ വീണ്ടെടുക്കുക എന്നുള്ളത്. കർത്താവിന്റെ വരവിനു വേണ്ടി ഒരുങ്ങുകയും അതിനായി മറ്റുള്ളവരെ ഒരുക്കുകയും ചെയ്യുക എന്നത് നമ്മുടെയെല്ലാം കൂട്ടുത്തരവാദിത്വമാണ്. കഷ്ടത നിറഞ്ഞ ഈ ലോകജീവിതത്തിനു ശേഷം മഹത്വകരമായ ഒരു ജീവിതം സ്വർഗത്തിൽ നമുക്കായി ഒരുങ്ങുന്നുണ്ട് എന്ന പ്രത്യാശ ഏവർക്കും സമാധാനം നൽകുന്നു.**

അതിനായി അവർ അഹോരാത്രം പണിയെടുത്ത് തങ്ങളുപടെ അന്നത്തിന്റെ വക കണ്ടെത്തുന്നു.

അടുത്ത 50 വർഷംകൊണ്ട് സ്ത്രീകളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് ഗുരുതര പ്രത്യാഘാതമുണ്ടാക്കുമെന്ന് സാമൂഹ്യശാസ്ത്രജ്ഞരും ഭയക്കുന്നു. 104-106 പുരുഷന്മാർക്ക് 100 സ്ത്രീകൾ എന്ന തോതിലുള്ള ജനനനിരക്കിൽ വലിയ കുഴപ്പമില്ല. എന്നാൽ അനന്തരം അതിൽ കൂടിയാൽ കുഴപ്പമാകും. ഇന്ത്യയിലും വിയറ്റ്നാമിലും സ്ത്രീ-പുരുഷ ജനനനിരക്കുകളുടെ അനുതാപം ഇപ്പോൾ 100-112 ആണ്. ചൈനയിൽ അത് 100-120 മുതൽ 100-130 വരെയാണ്. അസർബൈജാൻ, ജോർജിയ, അർമീനിയ, അൽബേനിയ തുടങ്ങിയ രാജ്യങ്ങളിലേക്കും ഈ പ്രവണത വ്യാപിച്ചുവരുന്നതായി പഠനങ്ങൾ പറയുന്നു.

സാങ്കേതികത അതിന്റെ പാരമ്യത്തിൽ എത്തിയിരിക്കുന്ന ഈ ആധുനിക യുഗത്തിൽ അറിവിന്റെ ഉത്തുംഗശ്രംഗങ്ങളിൽ എത്തിയിരിക്കുന്ന മനുഷ്യനു തന്റെ കഷ്ടതകൾക്ക് ഒരു അറുതിയുമില്ല. രോഗങ്ങൾ, പീഡകൾ എന്നുവേണ്ട അസമാധാനം നിറഞ്ഞ അവസ്ഥയാണ് എവിടെയും നമുക്കു ദർശിക്കുവാൻ കഴിയുന്നത്. 2 പത്രൊസ് 3:9ൽ പറയുന്നതുപോലെ, "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ".

കർത്താവിന്റെ ദിവസത്തിൽ അവൻ കള്ളനെപ്പോലെ വരുമെന്നും അന്നു ആകാശം വലിയ ശബ്ദത്തോടെ കടന്നുപോകുമെന്നും മൂലപ്രദാർഥങ്ങൾ തീവ്രമായ ചൂടിനാൽ ഉരുകി ഭൂമിയും അതിലുള്ള പണികളും എരിഞ്ഞുപോകയും ചെയ്യുമെന്ന് വേദപുസ്തകത്തിൽ പറയുന്നു.

ദൈവസഭയുടെ ഉത്തരവാദിത്വമാണ് നശിച്ചുകൊണ്ടിരിക്കുന്ന ലോകജനതയെ വീണ്ടെടുക്കുക എന്നുള്ളത്. കർത്താവിന്റെ വരവിനു വേണ്ടി ഒരുങ്ങുകയും അതിനായി മറ്റുള്ളവരെ ഒരുക്കുകയും ചെയ്യുക എന്നത് നമ്മുടെയെല്ലാം കൂട്ടുത്തരവാദിത്വമാണ്. കഷ്ടത നിറഞ്ഞ ഈ ലോകജീവിതത്തിനു ശേഷം മഹത്വകരമായ ഒരു ജീവിതം സ്വർഗത്തിൽ നമുക്കായി ഒരുങ്ങുന്നുണ്ട് എന്ന പ്രത്യാശ ഏവർക്കും സമാധാനം നൽകുന്നു. വചനത്തിൽ പറയുന്നതുപോലെ ആകാശവും ഭൂമിയും നീങ്ങിപ്പോകും; എന്റെ വചനങ്ങളോ നീങ്ങിപ്പോകയില്ല.

**സ്റ്റോപ്പ് പ്രസ്സ്:** യു.എൻ കണക്കുപ്രകാരം ഒക്ടോബർ 31 പുലർച്ചെ 4:21നാണ് ലോകജനസംഖ്യ ഡാനികയുടെ ജനനത്തോടെ 700 കോടിയിലെത്തിയത്. എന്നാൽ, ഈ കണക്ക് അത്ര കൃത്യമാണന്ന് ആരും കരുതുന്നില്ല. യു.എസ്. സെൻസസ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2012 ഫെബ്രുവരിയിലെ ലോകജനസംഖ്യ 700 കോടിയിലെത്തൂ.

# അമേരിക്കയിൽ ഒന്നരക്കോടി കുട്ടികൾ ദാരിദ്ര്യത്തിൽ

**വാഷിങ്ടൺ:** അമേരിക്കയിലെ കുട്ടികളിൽ ഒന്നരക്കോടി പേർ ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്ന് പഠനറിപ്പോർട്ട്. 2009 -2010 കാലഘട്ടത്തെ അടിസ്ഥാനമാക്കി ന്യൂഹാംഷെയറിലെ കാർസെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂണിവേഴ്സിറ്റിയിലെ ഗവേഷകർ നടത്തിയ പഠനത്തിലാണ് ഇക്കാര്യം പറയുന്നത്.

സമ്പന്ന രാഷ്ട്രമായ അമേരിക്ക കൂടുതൽ ദരിദ്രമാകുന്നുവെന്ന വാർത്തയ്ക്കു പിന്നാലെയാണ് കുട്ടികളുമായി ബന്ധപ്പെട്ട വിവരം പുറത്തുവരുന്നത്. ഇവരിൽ ഏറ്റവും കൂടുതൽ പേർ ആറു വയസ്സിനു താഴെയുള്ള കുട്ടികളാണ്. ഇത് നിരവധി ആരോഗ്യ, വിദ്യാഭ്യാസ പ്രശ്നങ്ങൾക്കിടയാക്കുമെന്ന് ഗവേഷകർ മുന്നറിയിപ്പു നല്കുന്നു. പൂർണദാരിദ്ര്യത്തിൽ കുടുങ്ങി കൃത്യമായി ഭക്ഷണം ലഭിക്കാത്ത കുട്ടികളുടെ എണ്ണത്തിലും കാര്യമായ വർധനവ് ഉണ്ടായിട്ടുണ്ട്.

രാജ്യത്തിന്റെ തെക്കൻമേഖലകളിലാണ് ഏറ്റവും കൂടുതൽ ദാരിദ്ര്യം രേഖപ്പെടുത്തുന്നത്. 25.4 ശതമാനമാണിത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുട്ടികൾ ഏറെയും മിസിസിപ്പി കേന്ദ്രീകരിച്ചാണുള്ളത്. ന്യൂഹേംഷെയർ, അലാസ്കാ, ന്യൂമെക്സിക്കോ എന്നിവിടങ്ങളിലും നിരവധി കുട്ടികൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്.

ആഗോളസാമ്പത്തിക മാന്ദ്യം മധ്യവർഗകുടുംബങ്ങളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചതാണ് ഇതിനു പ്രധാനകാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നത്. നാല് അംഗങ്ങളുള്ള കുടുംബത്തിന് വാർഷികവരുമാനമായി 22,314 ഡോളർ ഇല്ലാത്തവരെ ദരിദ്രരായി കണക്കാക്കാനാണ് സർക്കാർ തീരുമാനം.


2 നാവ് പിഴച്ചാൽ....
3 'നീ എൻ സ്വന്തം' ക്രൈസ്തവ സംഗീതോത്സവം
5 അക്രമവീഡിയോഗെയിമുകൾ നൽകരുത്: യു.എസ്. സുപ്രീം കോടതി
6 ഭ്രൂണകോശ ഗവേഷണത്തിനു പേറ്റന്റ് നിരോധിച്ചു



For Private Circulation Only Not for Sale

# നാവ് പിഴച്ചാൽ....

**വാർത്തയ്ക്കപ്പുറം**

ഷിബു മുള്ളംകാട്ടിൽ

**കേ**രളരാഷ്ട്രീയത്തിൽ ഇപ്പോൾ വാക്പയറ്റിന്റെ കാലമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രി ജി. സുധാകരൻ ആയിരുന്നു ഇക്കാര്യത്തിൽ കേമൻ. ഇപ്പോൾ സർക്കാർ ചീഫ് വിപ്പ് പി.സി. ജോർജ് സ്ഥാനത്തും അസ്ഥാനത്തും എല്ലാം വെടിപൊട്ടിച്ച് വാർത്തകളിൽ നിറഞ്ഞുനില്ക്കുന്നു.

പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദനെതിരെ മന്ത്രി ഗണേഷ്കുമാർ പത്തനാപുരത്ത് നടത്തിയ പരാമർശങ്ങൾ ഭാഷയെപ്പോലും ലജ്ജിപ്പിക്കുന്നതാണ്. ദീർഘവർഷങ്ങളായി തന്റെ കുടുംബത്തെ വി.എസ്. പകയോടെ വേട്ടയാടുന്നു എന്നു പറയുമ്പോൾ തന്നെ, അതിന്റെ വിയോജിപ്പുകൾ ആത്മനിയന്ത്രണത്തോടെ അറിയിക്കുകയാണ് വേണ്ടിയിരുന്നത്. അതിനുപകരം 88 വയസ്സുള്ള (ഗണേഷിന്റെ ഭാഷയിൽ തന്റെ അപ്പൂപ്പന്റെ പ്രായം) ഒരു മുതിർന്ന രാഷ്ട്രീയ നേതാവിനെതിരെ തരംതാണ വാക്കുകൾ പ്രയോഗിച്ചത് ആർക്കും അംഗീകരിക്കുവാൻ കഴിയുകയില്ല.

ഗണേഷ്കുമാർ പറഞ്ഞതിൽ ഖേദം പ്രകടിപ്പിക്കുവാൻ ആദ്യം തയ്യാറായത് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ്. തനിക്ക് ഒരു നിമിഷം നാവു പിഴച്ചെന്ന് ഗണേഷ്കുമാറും പരസ്യമായി അറിയിച്ചു. എന്തായാലും നിയമസഭയ്ക്ക് അകത്തും പുറത്തും അതിന്റെ അലയൊലികൾ കെട്ടടങ്ങിയിട്ടില്ല.

നാവുകൊണ്ട് തീ തുപ്പുന്നവർ നമുക്കിടയിലും ഉണ്ട്. പടർന്നുപിടിക്കുന്ന ഈ അഗ്നിയിൽ എത്രയോ നിരപരാധികളാണ് കത്തി ചാമ്പലാവുന്നത്. അനാവശ്യപദപ്രയോഗങ്ങൾമൂലം ശിഥിലമാകുന്ന സ്നേഹബന്ധങ്ങൾ ഇന്ന് സാധാരണമാണ്. സഭകളിലും കുടുംബങ്ങളിലും ഇതിന്റെ തിക്തഫലങ്ങൾ പലരും അനുഭവിക്കുന്നു.

തോക്കിൽനിന്നും പായുന്ന തിരകളെയും വായിൽനിന്നും ഉതിർക്കുന്ന വാക്കുകളെയും തിരിച്ചെടുക്കുവാൻ കഴിയുകയില്ല എന്നത് ചിന്തനീയമാണ്. പരദൂഷണം പറയുകയും കേൾക്കുകയും ചെയ്യുന്നത് ചിലർക്ക് ഹരമാണ്. ഇല്ലാക്കഥകൾ മെനഞ്ഞ് സഹോദരങ്ങളെ താറടിക്കുവാൻ ഇവർ ശ്രമിക്കുന്നു. ചിലയിടങ്ങളിൽ നുണസങ്കേതങ്ങൾ തന്നെയുണ്ട്.

അടുത്തയിടെ മനോരമയിൽ എസ്. ശാരദക്കുട്ടി എഴുതിയ പംക്തിയിൽ ഒരു കഥയുണ്ട്. ഒരിക്കൽ ഒരു പരദൂഷണക്കാരിക്ക് കുമ്പസാരിക്കണമെന്നു തോന്നി. അവർ അച്ചനോടു ചോദിച്ചു, പരദൂഷണം പാപമാണോ? അച്ചൻ പറഞ്ഞു, 'അതൊരു നല്ല കാര്യമല്ല' ഞാൻ വല്ലാതെ പശ്ചാത്തപിക്കുന്നു എന്ന് അവർ പറഞ്ഞു. അച്ചൻ അവരോടു 'നിങ്ങൾ വീട്ടിൽചെന്ന് ഒരുതലയിണകീറി പഞ്ഞി പുറത്തിടുക' എന്നു പറഞ്ഞു. അവർ അതുപോലെ ചെയ്തിട്ടുവന്നു. 'ഇനി നിങ്ങൾ അതു മുഴുവൻ തിരികെ തലയിണയ്ക്കുള്ളിൽ ആക്കുക' അവർ തിരികെ വന്നു പറഞ്ഞു, 'അത് സാധിക്കുന്നില്ല. എനിക്കറിയില്ല അതെല്ലാം എവിടെപ്പോയെന്ന്'. അച്ചൻ പറഞ്ഞു 'അതാണ് പരദൂഷണം'.

> **പലപ്രശ്നങ്ങളും കേവലം ഒരു ക്ഷമാപണം കൊണ്ട് പരിഹരിക്കാവുന്നതേയുള്ളൂ. പക്ഷെ, തെറ്റുകളെ ഏതുവിധേനയും ന്യായീകരിക്കാനുള്ള പ്രവണതയാണ് കണ്ടുവരുന്നത്.**

നാവുകൊണ്ടുള്ള മുറിവ് വാളുകൊണ്ടുള്ളതിനെക്കാൾ കഠിനമാണെന്ന് പൈതഗോറസ് പറയുന്നു. നാവു വരുത്തിവെയ്ക്കുന്ന വിനകൾ ഏറ്റവും ശക്തമായി പ്രതിപാദിക്കുന്നത് വിശുദ്ധ തിരുവെഴുത്തിലാണ്. പ്രായോഗിക ക്രിസ്തീയ ജീവിതത്തിന്റെ വക്താവായ യാക്കോബ് ഇങ്ങനെ പറയുന്നു. "അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പ് പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാട് കത്തിക്കുന്നു. നാവും ഒരു തീതന്നെ"

വി.എസ്. അച്യുതാനന്ദനെതിരെ നടത്തിയ പരാമർശങ്ങളുടെ പേരിൽ മന്ത്രി ഗണേഷ്കുമാർ ക്ഷമാപണം നടത്തിയത് നല്ല മാതൃകയാണ്. കാരണം മാപ്പ് പറയുന്നതിൽ കുറച്ചിലുണ്ടെന്ന് കരുതുന്നവർ ആണല്ലോ ഏറെയും. ഏറ്റവും അധികം 'സോറി' പറയുന്നവർ ഇംഗ്ലീഷുകാരാണെന്ന് ഒരു സർവേയിൽ കണ്ടു. അങ്ങനെയെങ്കിൽ സോറി പറയുവാൻ പിശുക്ക് കാട്ടുന്നവർ നമ്മളും. പലപ്രശ്നങ്ങളും കേവലം ഒരു ക്ഷമാപണം കൊണ്ട് പരിഹരിക്കാവുന്നതേയുള്ളൂ. പക്ഷെ, തെറ്റുകളെ ഏതുവിധേനയും ന്യായീകരിക്കാനുള്ള പ്രവണതയാണ് കണ്ടുവരുന്നത്.

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്നു വിശേഷിക്കപ്പെട്ട ദാവീദ് ആഴമായ കുറ്റബോധത്തോടെ ദൈവസന്നിധിയിൽ കരഞ്ഞു. ദൈവം ദാവീദിന്റെ പാപത്തെ മോചിച്ചു (2 ശമുവേൽ 12:13). തെറ്റുകളെ ന്യായീകരിക്കാതെ അത് ദൈവമുമ്പാകെ തുറന്നു പറയുമ്പോഴാണ് നമ്മിൽ ക്രിസ്തുവിന്റെ ഭാവം വെളിപ്പെടുന്നത്.

***വാൽക്കഷണം:*** *സൗജന്യമായ ലോക്കൽകോളുകൾക്ക് നിരക്ക് ഏർപ്പെടുത്തണം എന്ന് ആഗ്രഹിച്ചു പോകുന്നവരുണ്ട്. അങ്ങനെയെങ്കിലും പരദൂഷണത്തിന് മൂക്കുകയർ ഇടാമല്ലോ!*

# മുടിമുറിച്ചും, നഖം പെയിന്റടിച്ചും... പിന്നെ ഇറുകിയ ജീൻസിട്ടും...

**പറയാതെ വയ്യ – പി.സി.**

**വെ**ള്ള സാരിയുടുത്ത്, വെള്ള ഉടുപ്പ് ധരിച്ച്.. മൊത്തം വെള്ളയാൽ അലംകൃതമായ വിശുദ്ധസഭ... ലാളിത്യത്തിന്റെ പ്രതീകമായി പൂർവ്വപിതാക്കന്മാർ പടുത്തുയർത്തിയ ദൈവസഭ ഇന്ന് ആകെ മാറിയിരിക്കുന്നു.

ഉപദേശിമാരും വിശ്വാസികളും ഇന്ന് ഒരുപോലെ പാശ്ചാത്യസംസ്കാരത്തിന്റെ പിടിയിലായി പോയിരിക്കുന്നു. പണ്ടൊരിക്കൽ ഒരു ഉപദേശി ഇങ്ങനെ പറഞ്ഞു: "ഷർട്ട് ഇൻ ചെയ്യുന്നത് പാപമാണ്". അതിലെ വചനത്തിന്റെ പൊരുൾ തിരിച്ചറിയാൻ പ്രയാസമാണെങ്കിലും ഇന്ന് ഉപദേശിമാരെല്ലാം ഇൻ ചെയ്തേ ഷർട്ട് ഉപയോഗിക്കൂ. മാത്രമല്ല, നമ്മുടെ ചെറുപ്പക്കാരെല്ലാം പ്രായമുള്ളവർ പോലും പാശ്ചാത്യവേഷങ്ങൾക്ക് അടിമകളായി മാറി.

സഭയുടെ ആരംഭകാലത്ത് എല്ലാം വർജ്ജിച്ചവരുടെ പിൻതലമുറ ലിബറലൈസേഷന്റെ പിടിയിലായി. അന്ന് പാപമായിരുന്നത് ഇന്ന് പാപമല്ലാതായി. ഏതെങ്കിലും ഒരു സഹോദരി വിദേശവസ്ത്രം ധരിച്ചാൽ ഉപദേശിമാർ കഠിനമായി ശാസിച്ചമർത്തിയിരുന്ന കാലഘട്ടത്തിന് തിരശീല വീണിരിക്കുന്നു.

ഇന്ന് എല്ലാവരും വിദേശവസ്ത്രമാണ് ധരിക്കുന്നത്. സ്വദേശവസ്ത്രം ധരിക്കുന്നവരെ കണ്ണുരുട്ടി നോക്കുന്ന കാലഘട്ടം വന്നുകഴിഞ്ഞു. ഒരിക്കൽ ചുമന്ന നിറത്തിലുള്ള ഷർട്ട് ധരിച്ച് കൂട്ടായ്മയ്ക്കു വന്ന പയ്യനെ ഉപദേശി ശാസിച്ചമർത്തി, ഇനി ഇത്തരം നിറമുള്ള ഷർട്ടുമായി കൂട്ടായ്മയ്ക്ക് വരരുത് എന്ന് പറഞ്ഞത് ഓർക്കുന്നു.

ഇന്ന് വെളുപ്പ് അന്യമായി മാറിയിരിക്കുന്നു. കറുപ്പും, ചുമപ്പും, മഞ്ഞയും ഒക്കെ തിളങ്ങി നില്ക്കുന്ന ആരാധനായോഗങ്ങൾ അരങ്ങു തകർക്കുന്നു, ആഡംബരത്തിന്റെ കുത്തൊഴുക്കിൽപെട്ട് സഭ നിലയില്ലാക്കയത്തിലേക്ക് വീണുകൊണ്ടിരിക്കുന്നു.

ഒരു സഭാനേതാവ് കൺവൻഷൻ വേദിയിൽ ഇങ്ങനെ പറഞ്ഞു. "ജീൻസിട്ട ഒറ്റ ഒരുത്തനെയും ഞാൻ എന്റെ വേദിയിൽ ആരാധനയ്ക്ക് കയറ്റില്ല". ഇറുകിയ ഷർട്ടും ഇറുകിയ പാന്റും, ആണും പെണ്ണും ധരിക്കുന്ന നമ്മുടെ ലോകത്ത് സഭയിലെ മക്കൾക്കും അവയൊക്കെ മതി ഇന്ന്.

നഖത്തിന് പൊളീഷു ചെയ്ത് പെയിന്റ് കൊടുക്കുന്ന വിശുദ്ധന്മാരുടെ മക്കൾ വർധിച്ചുവരുന്നു. പ്രായം കുറച്ചുകാണിക്കുവാൻ തലമുടി കറുപ്പിച്ച് സുവിശേഷം പ്രസംഗിക്കുന്നവരും ആരാധനയ്ക്ക് നേതൃത്വം നല്കുന്നവരും ഇന്ന് ഏറിവരുന്നു. ആഭരണത്തെ തെറ്റായി കാണുന്നവർ ഇവയിലൊന്നും തെറ്റു കാണാത്തത് ആശ്ചര്യപ്പെടുത്തുന്നു.

പണ്ട് ആണുങ്ങൾക്ക് മാത്രമായിരുന്നു ബാർബർഷോപ്പ്, ഇന്ന് നമ്മുടെ സഹോദരിമാർ ബാർബർഷോപ്പിൽപോയി തലമുടി ഒപ്പിയെടുക്കുവാനും മുഖം മിനുക്കുവാനും വിവിധ മോഡലുകൾ പ്രദർശിപ്പിക്കുവാനും എത്രസമയവും പണവും കളയുന്നു. ഹാ.. മായ മായ സകലവും മായ അത്രെ...




ചീഫ് പാസ്റ്റർ
സോനു ചെറിയാൻ ഉമ്മൻ
മൊബൈൽ 050 5492012, 055 9406928
Email: sonuggmuae@gmail.com

ഗ്രേസ് & ഗ്ലോറി മിനിസ്ട്രീസ്
(ഫുൾ ഗോസ്പൽ ചർച്ച്)
ദുബായ്, യു.എ.ഇ.

ആരാധനാ സമയം
എല്ലാ വെള്ളിയാഴ്ചയും കുട്ടികളുടെ ആരാധന: വൈകിട്ട് 5.15-6.10 വരെ.
ആരാധന: വൈകിട്ട് 6.15-8.30 വരെ
എല്ലാ തിങ്കളാഴ്ചയും വൈകിട്ട് 8.00-10.00 വരെ ഷർജാ വർഷിപ്പ് സെന്ററിൽ
പ്രെയ്സ് & വർഷിപ്പ്: വിങ്സ് ഓഫ് സെറാഫിയൻസ്
നിങ്ങളുടെ പ്രാർഥനാ വിഷയങ്ങൾക്ക് ഏതു സമയവും ബന്ധപ്പെടാവുന്നതാണ്.
കടന്നുവരിക; അനുഗ്രഹം പ്രാപിക്കുക



അസോസിയേറ്റ് പാസ്റ്റർ
ജോൺ മോറിസ് സാമുവേൽ
മൊബൈൽ 050 2446569
Email: john_samuel171@yahoo.com

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവർ ആകും എന്നു പറഞ്ഞു (യോഹന്നാൻ 8:12)

24 x 7 Malayalam Speaking Bible

# 'മന്ന' ലൈവ് ബൈബിൾ പ്രക്ഷേപണം ആരംഭിക്കുന്നു

**അബുദബി:** തിരുവചനമൊഴികൾ കാതോർക്കുന്നവർക്കായി 'മന്ന വിഷൻ' ആരംഭിക്കുന്ന സംസാരിക്കുന്ന മലയാളം ബൈബിൾ "മന്ന ലൈവ് ബൈബിൾ ഡോട്ട് കോം" 11-11-11 വെള്ളിയാഴ്ച പ്രക്ഷേപണം ആരംഭിക്കും. ഇന്റർനെറ്റിന്റെ ഉപയോഗം കൂടാതെ ജീവിക്കാൻ കഴിയാത്ത ഈ ആധുനിക കാലഘട്ടത്തിൽ മനുഷ്യമനസ്സിനെ ആശ്വസിപ്പിക്കുന്ന ബൈബിൾവചനങ്ങൾ എപ്പോഴും ഏതുസമയത്തും എവിടെയും മലയാളിക്ക് ശ്രവിക്കുവാൻവേണ്ടിയാണ് ഇത് ആരംഭിക്കുന്നത്. മൂന്നു രാജ്യങ്ങളിൽ നിന്ന് പ്രസിദ്ധീകരിക്കുന്നതും ഒരു ലക്ഷത്തിലധികം വായനക്കാരുമുള്ള 'മന്ന' വാർത്താ പത്രിക ആരംഭിക്കുന്ന ലൈവ് ബൈബിൾ ദൈവവചന കേൾവിക്ക് സ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങളിലുള്ള മലയാളികൾക്കും ആശ്വാസമാകും. ലോകസുവിശേഷീകരണത്തിനുവേണ്ടി മന്ന നടത്തുന്ന 'വചനം വെളിച്ചം' പദ്ധതിയുടെ ഭാഗമായി നടത്തുന്ന മൂന്നാമത്തെ സംരംഭമാണ് mannalivebible.com.

ഇതിനു പുറമെ മന്ന ലൈവ് റേഡിയോ.കോം, ന്യൂസ് മന്ന.കോം തുടങ്ങിയ സൈറ്റുകളും മന്നയ്ക്കുണ്ട്.

# 'നീ എൻ സ്വന്തം' ക്രൈസ്തവ സംഗീതോത്സവം നവംബർ 10,11 തീയതികളിൽ

**അബുദബി:** ഫോഗ് ജനറേഷൻ സംഘടിപ്പിക്കുന്ന 'നീ എൻ സ്വന്തം' ക്രൈസ്തവ സംഗീതോത്സവം നവംബർ 10ന് ഷാർജ വർഷിപ്പ് സെന്ററിലും 11 ന് അബുദബി മുസഫ ബ്രദറൺ ചർച്ച് സെന്ററിലും നടക്കും. ഷാർജാ വർഷിപ്പ് സെന്ററിൽ നടക്കുന്ന സംഗീതോസ്തവം ദുബായ് ഇൻഡ്യൻ കോൺസുലേറ്റ് ലേബർ ആൻഡ് വെൽഫെയർ വൈസ് കൗൺസിലർ ബാബു എൻ. തോമസ് ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ പ്രശസ്ത ഗായകർ ഒന്നിച്ച് ഒരുക്കിയ 'നീ എൻ സ്വന്തം' ഓഡിയോ ആൽബം പ്രകാശനവും 'മന്ന ലൈവ് ബൈബിൾ' ഉദ്ഘാടനവും നടക്കും. വൈകിട്ട് 7 ന് നടക്കുന്ന സംഗീതോത്സവത്തിന് പ്രശസ്തഗായകരായ ഐഡിയ സ്റ്റാർസിംഗർ ഇമ്മാനുവേൽ ഹെൻട്രി, ബിനോയ് ചാക്കോ, മാത്യു ജോൺ, ജെയ്സൺ, ജിജി സാം എന്നിവർ ഗാനങ്ങളാലപിക്കും. പ്രശസ്ത ഉപകരണസംഗീത വിദഗ്ധരായ സുനിൽ സോളമൻ, സണ്ണി, ജോഷി ജോൺ, രാജേഷ്, മെൽവിൻ ബോസ്, അനീഷ് തോമസ് എന്നിവരടങ്ങുന്ന ഒമ്പത് അംഗ സംഘമാണ് പങ്കെടുക്കുന്നത്. സംഗീതോത്സവത്തിന് പ്രവേശനം സൗജന്യമാണ്. അബുദബി, മുസ്സഫ, മീന, ഐക്കാട്, മഫ്രക്ക്, ദുബൈ, സോണാപ്പൂർ, സജ്ജ തുടങ്ങിയ ലേബർ ക്യാമ്പുകളിൽ നിന്ന് യാത്രാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സംഘാടകർ അറിയിച്ചു. മന്നാ വാർത്താ പത്രിക, ക്രിസ്ത്യൻ ട്രെൻഡ്സ്, മലബാർ മിനിസ്ട്രി, ഇംപാക്ട്, മിസ്പ, വൈ.എം.സി.എ., സാംസ് റേഡിയോ എന്നിവരാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നത്.



# ദൈവികസന്തോഷത്തിലേക്ക് മടങ്ങുക; ഇവാ. ശ്രീജിത്ത് മേനോൻ



*സുവി. ശ്രീജിത്ത് മേനോൻ പ്രസംഗിക്കുന്നു.*

**അബുദബി:** ലോകത്തിൽ എന്തൊക്കെ ഉണ്ടായാലും ദൈവികസന്തോഷം ഇല്ലെങ്കിൽ ജീവിതം ശൂന്യമാണെന്ന് സുവി. ശ്രീജിത്ത് മേനോൻ പറഞ്ഞു. അബുദബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ ഇവാഞ്ചലിക്കൽ സെന്ററിൽ സംഘടിപ്പിച്ച സുവാർത്താമഹോത്സവത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവികസന്തോഷവും ദൈവികദർശനവും ഇല്ലാതെ ലോകത്തിൽ ആർക്കും ജീവിക്കാൻ കഴിയില്ല. ലോകത്തിൽ ഇന്നു ലഭിക്കുന്നതെല്ലാം താല്ക്കാലികമാണ്. നിത്യത വരെ കടന്നുചെല്ലുന്നത് ദൈവികസന്തോഷമാണെന്ന് മനസ്സിലാക്കി ജീവിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പാസ്റ്റേഴ്സ് പി.ജെ. തോമസ്, ഫിന്നി ജോർജ് എന്നിവർ അധ്യക്ഷത വഹിച്ചു. ഷിബു ദാനിയേലിന്റെ നേതൃത്വത്തിൽ ആപ്കോൺ ക്വയർ ഗാനശുശ്രൂഷ നടത്തി. പാസ്റ്റർ ജോർജ് മാത്യു, ട്രഷറർ സാബു മാത്യു, സെക്രട്ടറി വർഗീസ് ജേക്കബ്, ജോ.സെക്രട്ടറി ജോയി മാത്യു എന്നിവർ നേതൃത്വം നടത്തി.



## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഫെലോഷിപ്പ് സംയുക്ത ആരാധന

**ദുബായ്:** അസമാധാനത്തെ തരണം ചെയ്യുവാൻ ദൈവവിശ്വാസമാണ് ഉത്തമ മാർഗമെന്നും ദൈവത്തിന്റെ കൂട്ടുവേലക്കാരായ സഭ ദൈവത്തിന്റെ കൃഷിയും മന്ദിരവുമാണെന്ന് അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ. ഡോ. പി. എസ്. ഫിലിപ്പ് അഭിപ്രായപ്പെട്ടു. ഷാർജ വർഷിപ്പ് സെന്ററിൽ നടന്ന അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഫെലോഷിപ്പ് യു.എ.ഇ. റീജിയനിൽപ്പെട്ട സഭകളുടെ സംയുക്ത ആരാധന ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് പാസ്റ്റർ പി.ഡി. ജോയികുട്ടി അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ജേക്കബ് വർഗീസ്, ആന്റണി ജോസഫ്, നൈനാൻ മാത്യു, വി.ഒ. ചെറിയാൻ, ബാബു ഡാനിയേൽ, പി.വി. ജോൺ റീജിയൻ സെക്രട്ടറി സി.ഒ. ജോൺസൺ, ട്രഷറർ ജി. ബേബി, മിഷൻ കോർഡിനേറ്റർ ടോം ജോർജ് എന്നിവർ നേതൃത്വം നല്കി.

ഏ.ജി. ക്വയർ ഗാനശ്രൂഷയ്ക്ക് നേതൃത്വം നൽകി. വിവിധ എമിറേറ്റ്സുകളിൽ നിന്നും ആയിരത്തിൽപരം വിശ്വാസികൾ സംയുക്ത ആരാധനയിൽ പങ്കെടുത്തു. നേരത്തെ മൂന്നു ദിവസം വർഷിപ്പ് സെന്ററിൽ നടന്ന സുവിശേഷയോഗത്തിലും റവ. ഡോ. പി.എസ്. ഫിലിപ്പ് വചനശുശ്രൂഷ നിർവഹിച്ചു. അസംബ്ലീസ് ഓഫ് ഗോഡ് പ്രവർത്തനങ്ങൾ മൂന്നു പതിറ്റാണ്ടുകൾ പിന്നിട്ട യു.എ.ഇയിൽ മലയാളം ഫെലോഷിപ്പ് രൂപികൃതമായിട്ട് പത്തു വർഷത്തിലേറെയായി.

## ചർച്ച് ഓഫ് ഗോഡ് സംയുക്ത ആരാധന

**ഷാർജ:** ചർച്ച് ഓപ് ഗോഡ് യുഎഇ റീജിയൻ സംയുക്ത ആരാധന ഡിസംബർ 3 ന് ഷാർജ വർഷിപ്പ് സെന്ററിൽ നടക്കുമെന്ന് യുഎഇ നാഷണൽ ഓവർസീയർ ഡോ.കെ.ഒ. മാത്യു അറിയിച്ചു. രാവിലെ 10 മുതൽ 1 മണിവരെയാണ് ആരാധന.

## യു.പി.എഫ് കൺവൻഷൻ 14 മുതൽ

**ഷാർജ:** പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ യൂണൈറ്റഡ് പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ വാർഷിക കൺവൻഷൻ നവംബർ 14–16 തീയതികളിൽ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. വൈകിട്ട് 8 മുതൽ 10 വരെ നടക്കുന്ന പൊതുയോഗങ്ങളിൽ റവ. ജോസഫ് ശാമുവേൽ യുഎസ്എ പ്രസംഗിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 050 6463177, 055 050 6571682

## മിഷൻ ചലഞ്ച് സെമിനാർ

**ദുബായ്:** എബനേസർ പി.വൈ.പി.എ യുടെ ആഭിമുഖ്യത്തിൽ നവംബർ 22 ന് ദുബായ് ട്രിനിറ്റി ചർച്ചിൽ മിഷൻ ചലഞ്ച് സെമിനാർ നടക്കും. പാസ്റ്റർ എസക്കിയേൽ ജോഷ്വ പ്രസംഗിക്കും. വൈകിട്ട് 8.30 മുതൽ 10 വരെയാണ് സമയം. കൂടുതൽ വിവരങ്ങൾക്ക്: 055 3250437

## ഐപിസി ഫിലദൽഫിയ ഉദ്ഘാടനം 9 -ന്

**മുസഫ:** ഐപിസി ഫിലദൽഫിയ വർഷിപ്പ് സെന്റർ ചർച്ചിന്റെ ഉദ്ഘാടനം 9 -ന് ബുധനാഴ്ച ബ്രദൺ ചർച്ച് സെന്ററിൽ നടക്കും. രാത്രി 8 ന്ഐപിസി യുഎഇ റീജിയൻ പാസ്റ്റർ വിൽസൻ ജോസഫിന്റെ അധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഐപിസി ജനറൽ പ്രസിഡന്റ് റവ.ഡോ.കെ.സി.ജോൺ ഉദ്ഘാടനം നിർവ്വഹിക്കും. ഇവാ.പി.എം.ഫിലിപ്പിന്റെ നേതൃത്വത്തിൽ മുസഫയിൽ ചുരുക്കം പേരായി ഒരുവർഷം മുമ്പ് ആരംഭിച്ചതാണ് ഈ സഭ. ഇപ്പോൾ പൂർണസമയ ശുശ്രൂഷകനായി പാസ്റ്റർ മൊറൈസ് പോൾ ചുമതലയേറ്റു.

കൂടുതൽ വിവരങ്ങൾക്ക്: ഇവാ.പി.എം.ഫിലിപ്പ് 050 6420281 റ്റി.സി. ഏബ്രഹാം 050 5640930


If you are looking for intensive preparation in
Language Testing System
or
RN Programs
we provide:
- OET & IELTS (for nurses)
- IELTS (for students and skilled workers)
- Job prospects in Auz and NZ (for nurses)
- NCLEX, MOH, HAAD (for nurses)

Contact:
Ms. Vincy - 050 4656032 Ms. Liju - 050 7946007
Location:
108, Al Naily Bldg.,
Near Abu Hail Centre, Hor-Al-Anz, Dubai.
Tel: 04-2654585



Sharjah Apostolic Malayalam Church
എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ
ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന
സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും (1പത്രോ-5:10)
"നിത്യതയുടെ വെളിപ്പാടുകൾക്കായി കൂടിവരുവിൻ"
Subject: Eternal Life
Venue: Sharjah Worship Center Main Hall
Date: 19-nov-2011 to 24-nov-2011
Time: 8pm to 10pm
എവർക്കും സ്വാഗതം
Special Worship Session
By Ps:Rajesh Elappara
on 24-nov-2011



Main Speaker:
Ps:Rajesh Elappara
For Details: Ps Moni Joseph 050-3704711
Ps Joy Mathew 050-5171518
Br Thomas Abraham 050-6265323
Br Roy Joshua 055-8761389
NB: വാഹനസൗകര്യം ഉണ്ടായിരിക്കും

# നന്ദി! നന്ദി! നന്ദി!

24 x 7 Malayalam Speaking Bible

MANNA BIBLE

ഇന്നു നിങ്ങൾ മന്ന വായിക്കുമ്പോൾ നിങ്ങളോടൊപ്പം
ഒരുലക്ഷത്തിലധികം പേർ മന്ന വായിക്കുന്നു.
സഹകരണത്തിനു നന്ദി!

MANNA LIVE RADIO

ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും, എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല (മർക്കൊസ് 13:31)

# IPC Worship Centre - Sharjah

## PYPA Annual Convention 2011

Speaker : Pastor KK Cherian



Date: Nov. 28, 29, 30
(തിങ്കൾ, ചൊവ്വ, ബുധൻ)
Time: 8 pm - 10 pm

സ്ഥലം
ഷാർജ വർഷിപ്പ് സെന്റർ
മെയിൻ ഹാൾ

കർത്തൃനാമത്തിൽ ഏവർക്കും സ്വാഗതം

Choir: Worship Singers, Sharjah

For Further Enquiries: Pastor Wilson Joseph (050-4814789)
Bro. Shyju Daniel (055-7354122)

المعهد الإقليمي التعليمي

REGIONAL EDUCATIONAL INSTITUTE

**International Certifications**

| | |
|---|---|
| CCNA | Cisco Certified Network Associate |
| CCNP | Cisco Certified Network Professional |
| CCIE | Cisco Certified Internetwork Expert |
| MCITP | Mircosoft Certified IT Professional |
| MCTS.Net | Mircosoft Certified Technology Specialist |
| MCPD | Mircosoft Certified Professional Developer |

JAVA, J2EE, PHP, C++, SQL, Oracle

**Executive Training Programs**

- Business and Strategy
- Leadership
- Innovation & Creativity
- Marketing Management
- IT Management
- Logistics & Supply Chain Management
- Project & Operations Management
- Personal Dev. & Soft Skills Training
- Financial Management
- Entrepreneurship / Family Managed Business

**Regular IT Courses**

MS Office (Level I, II), VBA Excel, PC Hardware, Network Concept, FrontPage/Dreamweaver, Deskop Publishing, Corel Draw, Adobe Photoshop, Adobe Illustrator, Adobe InDesign, Adobe Flash, Internet / Email

**Engineering / Projects**

Auto CAD 2D/3D, Primavera P6, ETABS, MS Project, SAFE, SAP

**Languages**

Spoken English (Level I, II, III), Business English, Business Communication, IELTS / TOEFL, Spoken Arabic (Level I, II)

**Accounting**

Manual Accounting, Tally (ERP 9), Peachtree, Quick Books



Tel: +971 2 6794948 Fax: +971 2 6727311, 2nd Floor, ADCO-Operative Society, Electra Road, P.O.Box: 26270, Abu Dhabi, UAE. Email: info@regional.ae, Web: www.regional.ae

# അക്രമവീഡിയോഗെയിമുകൾ നൽകരുത്: യു.എസ്. സുപ്രീം കോടതി

**ന്യൂയോർക്ക്:** വീഡിയോ ഗെയിമുകളിലൂടെ കുട്ടികളിൽ അക്രമവാസന വളർത്തുന്ന പ്രവണതയ്ക്കെതിരെ യു.എസ്. കോടതിവിധി. പ്രായപൂർത്തിയാകാത്ത കുഞ്ഞുങ്ങൾക്ക് അക്രമവും പോരാട്ടവും നിറഞ്ഞ വീഡിയോ ഗെയിമുകൾ നൽകുന്നത് ക്രിമിനൽ കുറ്റമായിട്ടാണ് അമേരിക്കൻ സുപ്രീം കോടതിവിധി. സമൂഹത്തിനു ഇത്തരം ഗെയിമുകൾ ദോഷം ചെയ്യുന്നു എന്നാണ് കോടതിയുടെ കണ്ടെത്തൽ. കുട്ടികളിൽ വളർന്നുവരുന്ന അക്രമവാസനയ്ക്കും സ്വഭാവദൂഷ്യങ്ങൾക്കും ഒരുപരിധിവരെ ഇത്തരം ഗെയിമുകൾ കാരണമാകാറുണ്ട് എന്നു കോടതി ശരിവെച്ചു. സമൂഹത്തിൽ തിന്മ വളർത്താൻ കുട്ടികളെ പ്രേരിപ്പിക്കുന്ന എല്ലാ വീഡിയോ ഗെയിമുകളും നിരോധിക്കണമെന്നു കോടതി വിലയിരുത്തി.നിരീശ്വരവാദവും സ്വാതന്ത്ര്യവും മാത്രം പ്രസംഗിക്കുന്ന സമൂഹത്തിനു മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനുള്ള ആഹ്വാനം തിരിച്ചടിയായിരിക്കയാണ്.



കുഞ്ഞുങ്ങളെ മൂല്യബോധമുള്ളവരാക്കി വളർത്തുന്നില്ലെങ്കിൽ ഉണ്ടാകുന്ന തിരിച്ചടികളെക്കുറിച്ച് അമേരിക്കൻ സമൂഹം മനസ്സിലാക്കി വരികയാണ്. നിറത്തോക്കുകളുമായി ആൾക്കൂട്ടത്തിലും നിരത്തിലുമിറങ്ങി കുട്ടികൾ മറ്റുള്ളവരെ വകവരുത്തുന്ന സംഭവങ്ങൾ ആധുനിക രാജ്യങ്ങളിലെ സ്ഥിരം വാർത്തകളായി മാറിയിരിക്കുകയാണ്. ഇതിനു പിന്നിൽ അവരെ കീഴടക്കിയിരിക്കുന്ന വീഡിയോ ഗെയിമുകളുടെസ്വാധീനം സമൂഹം തിരിച്ചറിഞ്ഞതിൽ നമുക്കു സന്തോഷിക്കാം.


Live 24X7
PSALMS RADIO
WWW.PSALMSRADIO.COM







## ഐപിസി എബനേസർ ഓർഡിനേഷൻ ശുശ്രൂഷ: പാസ്റ്റർ കെ.സി.ജോൺ പങ്കെടുക്കും

**മുസഫ:** ഐപിസി എബനേസർ സഭയുടെ സഭാശുശ്രൂഷകനായിരുന്ന ഇവാ.തോമസൺ തോമസ്, ഇവാ.റ്റി.എം.ഏബ്രഹാം എന്നിവരുടെ ഓർഡിനേഷൻ ശുശ്രൂഷ 10 ന് മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ മെയിൻഹാളിൽ നടക്കും. രാത്രി 8ന് നടക്കുന്ന ശുശ്രൂഷകൾക്ക് ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി.ജോൺ, യുഎഇ റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ്, സഭാശുശ്രൂഷകരായ പാസ്റ്റർ തോമസ്, പാസ്റ്റർ ജേക്കബ് ശാമുവേൽ എന്നിവർ നേതൃത്വം നല്കും.


In Abu Dhabi & In Mussafa

അബുദാബിയിൽ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവരുടെ ശ്രദ്ധയ്ക്ക്!

ഐ.പി.സി. ഏബൻ ഏസർ

മുസഫായിലും അബുദബി സിറ്റിയിലും നിങ്ങൾക്കായി ആരാധനാ സൗകര്യം ഒരുക്കുന്നു.

മുസഫായിൽ: എല്ലാ വ്യാഴാഴ്ചകളിലും രാത്രി 7.45 മുതൽ 10.00 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ് - 1ൽ ആരാധനായോഗം
വെള്ളിയാഴ്ചകളിൽ രാവിലെ 9.45 മുതൽ 12.15 വരെ ബ്രദറൺ ചർച്ച് സെന്റർ ഹാൾ നമ്പർ എഫ് - 2ൽ ഉപവാസപ്രാർഥനയും ആരാധനയും.

അബുദബി സിറ്റിയിൽ: എല്ലാ ചൊവ്വാഴ്ചകളിലും രാത്രി 8.00 മുതൽ 10.00 വരെ ഇവാഞ്ചലിക്കൽ ചർച്ച് സെന്റർ ബയിസ്മെന്റ് ഹാളിൽ ആരാധനായോഗം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
PR. C. GEORGE MATHEW 050 7213965
PR. JACOB SAMUEL 050 3332358
EVG: T.M. ABRAHAM 050 7825315
EVG. THOMAS M. THOMAS 050 6625343







## ഐ.പി.സി. ഫിലദൽഫിയ വർഷിപ്പ് സെന്റർ

### മുസഫ– അബുദബി

ഉദ്ഘാടനം

സ്ഥലം: മുസഫ ബ്രദറൺ ചർച്ച് സെന്റർ
സമയം: നവംബർ ൯ ന് ബുധനാഴ്ച
രാത്രി 8- 10 വരെ

ഉദ്ഘാടനം ഐപിസി ജനറൽ പ്രസിഡന്റ് റവ. ഡോ. കെ.സി. ജോൺ നിർവ്വഹിക്കുന്നു. റീജിയനൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് അധ്യക്ഷത വഹിക്കും.

ഈ സമ്മേളനത്തിലേക്ക് ഏവർക്കും സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക്: ഇവാ.പി.എം. ഫിലിപ്പ് (പ്രസിഡന്റ്) -0506420281
ബ്രദർ: റ്റി.സി.ഏബ്രഹാം (സെക്രട്ടറി)

**ആരാധനസമയം: വ്യാഴാഴ്ച രാത്രി 8–10 വരെ മുസഫ ചർച്ച് സെന്റർ ഹാൾ**

# ഭ്രൂണകോശ ഗവേഷണത്തിനു പേറ്റന്റ് നിരോധിച്ചു

മനുഷ്യഭ്രൂണ ഗവേഷണങ്ങൾക്കു പേറ്റന്റ് നൽകുന്നതിനു നിരോധനം ഏർപ്പെടുത്തിയ യൂറോപ്യൻ കോർട്ട് ഓഫ് ജസ്റ്റീസിന്റെ നടപടിയെ കത്തോലിക്കാസഭ സ്വാഗതം ചെയ്തു. പേറ്റന്റ് നിരോധിച്ച നടപടി മെഡിക്കൽ രംഗത്തെ ഗവേഷണങ്ങൾക്കു വിലങ്ങുതടിയാകുമെന്നു ഭ്രൂണകോശപരീക്ഷണത്തിന്റെ പ്രചാരകർ ആരോപിച്ചു.

ഭ്രൂണങ്ങളുടെ മനഃപൂർവമായ നശീകരണം ധാർമികതയ്ക്കു നിരക്കാത്തതാണെന്നും അധാർമികമായ അടിത്തറയിലുള്ള കണ്ടുപിടുത്തങ്ങളെ യൂറോപ്യൻ നിയമം അനുവദിക്കില്ലെന്നും കോടതി വ്യക്തമാക്കി. യൂറോപ്യൻ യൂണിയൻ കൗൺസിൽ ഓഫ് എപ്പിസ്കോപ്പൽ കോൺഫ്രൻസ് കോടതിവിധി സ്വാഗതം ചെയ്തു. മനുഷ്യഭ്രൂണത്തെ നശിപ്പിക്കാതെ, മൂലകോശഗവേഷണത്തിനു ഇതു വാതിൽ തുറക്കുമെന്നു കൗൺസിൽ വ്യക്തമാക്കി.



പല രോഗങ്ങൾക്കും പ്രതിവിധി കണ്ടെത്തുന്ന ഗവേഷണങ്ങൾക്കു കോടതിവിധി വിഘാതമാകുമെന്നാണു ഭ്രൂണകോശ ഗവേഷണത്തിന്റെ പ്രചാരകർ പറയുന്നത്. പക്ഷേ, നാളിതുവരെ ഭ്രൂണകോശ ഗവേഷണത്തിലൂടെ ഒരു രോഗത്തിനും പ്രതിവിധി കണ്ടെത്താനായിട്ടില്ല എന്നതാണ് സത്യം.

## ബൈബിൾക്ലാസ് നടത്തുന്നു

ഷാർജ: അപ്പൊസ്തലിക് മലയാളം സഭയുടെ ആഭിമുഖ്യത്തിൽ 'നിത്യത' എന്ന വിഷയത്തെക്കുറിച്ച് ബൈബിൾക്ലാസ് നടത്തുന്നു. ഷാർജ വർഷിപ്പ് സെന്ററിൽ നവംബർ 19-24 വരെ രാത്രി 9-10 വരെയാണ് ക്ലാസ്. പാസ്റ്റർ രാജേഷ് ഏലപ്പാറ പ്രസംഗിക്കും.

## പ്രാർഥനയ്ക്ക്

ഷാർജാ ഐ.പി.സി. ശുശ്രൂഷകൻ പാസ്റ്റർ വി.ജി. മത്തായി തിരുവനന്തപുരം ആർ.സി.സിയിൽ ചികിത്സയിൽ കഴിയുന്നു. പൂർണസൗഖ്യത്തിനായി ദൈവമക്കളുടെ പ്രാർഥന അപേക്ഷിക്കുന്നു.

## ഐ.പി.സി. റീജിയൻ കൺവൻഷനും, സംയുക്ത ആരാധനയും

**ദുബായ്:** ഐ.പി.സി. യുഎഇ റീജിയൻ കൺവൻഷൻ ഡിസംബർ 19 മുതൽ 21 വരെ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. പാസ്റ്റർ വീയപുരം ജോർജുകുട്ടി (യുഎസ്എ) മുഖ്യപ്രഭാഷണം നടത്തും. വൈകിട്ട് എട്ടു മുതൽ പത്തു വരെയാണ് സമയം.

ഡിസംബർ 2 ന് റീജിയൻ സംയുക്ത ആരാധനായോഗം ഷാർജ യൂണിയൻ ചർച്ചിൽ നടക്കും. പാസ്റ്റർ കെ.കെ. ചെറിയാൻ പ്രസംഗിക്കും. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് തിരുവത്താഴശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.

## വർഷിപ്പ് സെന്റർ കൺവൻഷൻ
### പാ. കെ.കെ. ചെറിയാൻ മുഖ്യപ്രഭാഷകൻ

**ഷാർജ:** വർഷിപ്പ് സെന്റർ പി.വൈ.പി.എ യുടെ ആഭിമുഖ്യത്തിൽ നവംബർ 28 മുതൽ 30 വരെ ഷാർജ വർഷിപ്പ് സെന്ററിൽ കൺവൻഷൻ നടക്കും. പാസ്റ്റർ കെ.കെ. ചെറിയാൻ പ്രസംഗിക്കും. വർഷിപ്പ് സിങേഴ്സ് ഗാനങ്ങൾ ആലപിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 050 4814789, 055 7354122

## പി.വൈ.പി.എ - സണ്ടേസ്കൂൾ താലന്ത് ഡേ 5 ന്

**ഷാർജ:** യുഎഇ റീജിയൻ പിവൈപിഎ-സണ്ടേസ്കൂൾ താലന്ത് ഡേ നവംബർ 5 ന് രാവിലെ 8.30 ന് ഷാർജ യൂണിയൻ ചർച്ചിൽ നടക്കും. സണ്ടേസ്കൂൾ കുട്ടികളും, യുവജനങ്ങളും ആത്മപ്രചോദനം പകരുന്ന നിരവധി പരിപാടികൾ അവതരിപ്പിക്കും. ഉച്ചകഴിഞ്ഞ് പി.വൈ.പി.എ, താലന്ത് മൽസരം നടക്കും. ഗ്രൂപ്പ് സോങ്, ഗ്രൂപ്പ് ബൈബിൾ ക്വിസ്, വാക്യമത്സരം എന്നിവ ഉണ്ടാകും. യുഎഇയിലെ വിവിധ എമിറേറ്റുകളിൽ നിന്നുള്ള പ്രതിഭകൾ പങ്കെടുക്കുമെന്ന് പി.വൈ.പിഎ റീജിയൻ സെക്രട്ടറി ലിനോ മാത്യു അറിയിച്ചു.


